ആരോഗ്യ കായിക പഠനം

2 (2454) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കായിക പഠനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പുതുതായി ടൈംടേബിൾ പരിഷ്കരണത്തിൽ കായിക പഠനത്തിന് ആവശ്യമായ പിരീഡ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കലാ കായിക പഠനത്തിന് കൂടുതൽ പിരീഡ് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഒന്നു മുതൽ നാലാം ക്ലാസ്സുവരെ ആരോഗ്യ കായിക പഠനം മറ്റു വിഷയങ്ങളുമായി സംയോജിപ്പിച്ച് പഠിപ്പിക്കുന്നുണ്ട്. 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ കുട്ടികൾക്കായി പ്രത്യേകം ആക്ടിവിറ്റി ബുക്കും അദ്ധ്യാപകർക്ക് ടീച്ചർ ടെക്സ്റ്റും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 5, 6, 7, 8 ക്ലാസ്സുകളിലെ ആക്ടിവിറ്റി ബുക്കും ടീച്ചർ ടെക്സ്റ്റും തയ്യാറാക്കി അച്ചടിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാറിയ പശ്ചാത്തലത്തിൽ കായിക അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

(ബി) ഇല്ല.

(സി) കലാകായിക പഠനത്തിന് നിലവിൽ ആവശ്യത്തിന് പിരീഡുകൾ ഉണ്ട്.

എയ്ഡഡ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ്

3 (2455) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിൽ വേണ്ടത്ര മിനിസ്റ്റീരിയൽ ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആവശ്യത്തിന് മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പ്രീഡിഗ്രി വേർപെടുത്തിയതിനുശേഷം സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിലനിന്നിരുന്ന കോഴ്സുകൾ അടിസ്ഥാനമാക്കി 17-9-2004-ലെ സ.ഉ (കൈ) 119/04/ ഉ.വി.വ, 9-5-2008-ലെ സ.ഉ.(കൈ) നം. 50/08/ ഉ.വി.വ എന്നിവ പ്രകാരമുള്ള അനദ്ധ്യാപക സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. ഇതിനുശേഷം അനുവദിച്ചിട്ടുള്ള എയ്ഡഡ് കോഴ്സുകൾകൂടി കണക്കാക്കി നിലവിലെ സാഹചര്യത്തിനനുസൃതമായി അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കൊച്ചി സർവ്വകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഇന്റർവ്യൂവിലെ ക്രമക്കേട്

4 (2456) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊച്ചി സർവ്വകലാശാലയിൽ ബയോടെക്നോളജി വകുപ്പിലേയ്ക്ക് നടന്ന അസിസ്റ്റന്റ് പ്രൊഫസർ ഇന്റർവ്യൂവിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സിന്റിക്കേറ്റ് അംഗീകരിച്ച സെലക്ട് ലിസ്റ്റിന്റെയും വിശദമായ മാർക്ക് ലിസ്റ്റിന്റെയും പകർപ്പ് നൽകാമോ ?

ഉത്തരം

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ബയോടെക്നോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി നടന്ന ഇന്റർവ്യൂവിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിൻഡിക്കേറ്റ് അംഗീകരിച്ച സെലക്ട് ലിസ്റ്റിന്റെയും മാർക്ക് ലിസ്റ്റിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly